**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 552** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>ധനകാര്യ ആഭ്യന്തര പരിശോധന ശക്തിപ്പെടുത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ വകുപ്പുകളിൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിക്കുവാനും, കാര്യക്ഷമമാക്കുവാനും, കൃത്യമായ ഇടവേളകളിൽ ആഭ്യന്തരപരിശോധന നടത്തുന്നതിലേയ്ക്കുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് - 10.08.2017 തീയതിയിലെ - 64/2017/ധന, 19.09.2019–ലെ 79/2019/ധന –എന്നീ പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 20.04.2018 – ലെ 33/2018/ധന – നമ്പർ പരിപത്രപ്രകാരം വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന വകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായി, ഫിനാൻസ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ/ സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് എന്നീ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (എ.എം.സി) 31/06/2018 -ന് മുമ്പായി രൂപീകരിക്കുവാനും, 01.07.2018 മുതൽ ത്രൈമാസികമായി വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതിനു പുറമെ ഗുരുതര കണ്ടെത്തലുകൾ ഉള്ള ആഭ്യന്തര പരിശോധന റിപ്പോർട്ടിന്മേൽ ധനകാര്യ (ആഭ്യന്തര പരിശോധന) വകുപ്പിൽ നിന്ന് റിവ്യൂ ഓഡിറ്റും നടത്തി വരുന്നു.

**(ബി)** 2024-2025 കാലയളവിൽ ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട് ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാർക്ക് ധനകാര്യ വകുപ്പിൽ നിന്നും പരിശീലനം നൽകിയെന്നതിന്റെ വിശദവിവരം നൽകുമോ?

**<u>മറുപടി:</u>** ധനകാര്യവകുപ്പിന്റെ തന്നെ ട്രെയിനിങ് വിഭാഗമായ CTFM-ലാണ് ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട പരിശീലനം നൽകിവരുന്നത്. ആയതുമായി ബംന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് വരുന്നു .

**സെക്ഷൻ ഓഫീസർ**